www.muthalakodamstgeorgechurch.com



മുതലക്കോടത്ത് മുത്തപ്പൻ

ഇടവക ബുള്ളറ്റിൻ

വാല്യം 41 ലക്കം 11 നവംബർ 2026





മിശിഹായുടെ രാജത്വ തിരുനാൾ

സ്നേഹസ്മരണയ്ക്ക്.....

5-ാം ചരമവാർഷികം



ടോമി പൗലോസ്
പാറത്തട്ടേൽ (പകലോമറ്റം)
മുതലക്കോടം

മരണം: 23-11-2021

"ഞാൻ നിങ്ങളിൽ നിന്നും വേർപിരിഞ്ഞെങ്കിലും എന്റെ സ്നേഹം
എപ്പോഴും നിങ്ങളുടെ കൂടെ ഉായിരിക്കും.
നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമെ."

മുതലക്കോടത്ത് മുത്തപ്പൻ





01 വികാരിയച്ചന്റെ സന്ദേശം
04 ഇടവകവാർത്തകൾ
09 സംഘടനാവാർത്തകൾ
15 കുടുംബവാർത്തകൾ
16 പ്രധാന ദിനങ്ങൾ
17 ബൈബിൾ ക്വിസ്
18 വാർഡ് പ്രാർത്ഥന
20 മിഷൻ ഞായർ പിരിവ്
22 വിശ്വാസ പഠനപരമ്പര
27 ചിത്രകഥ
28 തിരുവചനവായനകൾ

Patron Mar George Madathikandathil
Published on First Sunday of every month
Phone : 8281717867
E-mail : muthalakodam123@gmail.com

മാനേജിംഗ് എഡിറ്റർ റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ Mob : 9447400859
ചീഫ് എഡിറ്റേഴ്സ് ഫാ. അഗസ്റ്റിൻ നിരപ്പേൽ Mob : 9544616465
ഫാ. ജോസഫ് ചാരനാൽ Mob : 9188168183

എഡിറ്റേഴ്സ് ശ്രീമതി ഗ്രേസി തോമസ് പാറയിൽ
സിസ്റ്റർ. പുഷ്പ മരിയ എസ്.എച്ച്
ശ്രീ. കുര്യാക്കോസ് കെ. കെ. കല്ലിങ്കക്കുടിയിൽ
ശ്രീ. സജി പള്ളിക്കുന്നേൽ
ശ്രീ. സിബി തുറയ്ക്കൽ
ശ്രീ. ജെയിംസ് കുന്നുമ്മേൽ

സ്നേഹസ്മരണയ്ക്ക്.....

2-ാം ചരമവാർഷികം



പി. എം. ചാക്കോ

പാറയിൽ
ശാസ്താംപാറ

ജനനം : 02-05-1965 മരണം: 17-11-2024

"ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും"
(യോഹ. 11:25)



വികാരിയച്ചന്റെ സന്ദേശം

ഈശോ മിശിഹായിൽ ഏറ്റവും സ്നേഹം നിറഞ്ഞവരേ,

ഒക്ടോബർ മാസത്തോട് വിടപറഞ്ഞ് നവംബർ മാസത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ വലിയ ആദ്ധ്യാത്മികതയുടെ ആഴങ്ങളിലേക്കാണ് സഭാമാതാവ് നമ്മെ ക്ഷണിക്കുക. നവംബർ മാസം ആരംഭിക്കുന്നതുതന്നെ സകല വിശുദ്ധരുടെയും തിരുനാൾ ആഘോഷിച്ചുകൊണ്ടാണ്. വിശുദ്ധി കൂടാതെ ദൈവത്തെ സ്വന്തമാക്കുവാൻ സാധിക്കുകയില്ല എന്ന് ഈ തിരുനാൾദിനം നമ്മെ ഓർമിപ്പിക്കുകയാണ്. നവംബർ രണ്ടാം തീയതി സകല മരിച്ചവരുടെയും ഓർമ്മ ആചരിക്കുമ്പോൾ നാമെല്ലാവരും ഈ വിശുദ്ധിയുടെ ആഴങ്ങളിലേക്ക് വിളിക്കപ്പെട്ടവരാണെന്നും സ്വർഗ്ഗത്തിന്റെ പരിശുദ്ധിയിൽ ഒരു കൂട്ടായ്മയായി മാറേണ്ടവരാണെന്നും ഈ ദിനം നമ്മെ ഓർമിപ്പിക്കുന്നു. അതിനാൽത്തന്നെ നവംബർ മാസം സകല മരിച്ചവരെയും ഓർക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും പ്രത്യേകമായി മാറ്റിവയ്ക്കുകയാണല്ലോ. നമ്മുടെയിടയിൽനിന്നും മരിച്ചുപോയവരെ ഓർക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവർ നമുക്ക് നൽകിയ നല്ല മാതൃകകളെ സ്വീകരിക്കുവാനും ഈ മാസം നമുക്ക് പ്രയോജനപ്പെടുത്താം. മരണം ഒരു യാഥാർത്ഥ്യമാണെന്നും എന്നാൽ അത് ഒന്നിന്റെയും അവസാനമല്ല മറിച്ച് നിത്യജീവന്റെ ആരംഭമാണെന്നും മനസ്സിലാക്കിക്കൊണ്ട് നിത്യജീവന്റെ ആദ്ധ്യാത്മികതയിൽ ആഴപ്പെടുവാനും സ്വർഗ്ഗത്തിന്റെ പ്രത്യാശയെ സ്വന്തമാക്കുവാനും നമുക്ക് പരിശ്രമിക്കാം. നമ്മുടെ പ്രാർത്ഥനയും വി. കുർബാനയും വഴി മരിച്ചവിശ്വാസികളുടെമേൽ ദൈവത്തിന്റെ കരുണ ഉണ്ടാകണമെന്ന് പ്രത്യേകമായി അപേക്ഷിക്കാം.

ആരാധനക്രമവത്സരത്തിന്റെ അവസാനത്തെ കാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. പള്ളിക്കൂദാശക്കാലത്തിൽ ആയിരിക്കുമ്പോൾ, സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞു മുടിചൂടി



നിൽക്കുന്ന മഹത്വപൂർണ്ണയായ സഭയെ മണവാളനായ മിശിഹാ പിതാവായ ദൈവത്തിന് സമർപ്പിക്കുന്നതിനെയാണ് നാം അനുസ്മരിക്കുക. പ്രാർത്ഥനകളാലും പുണ്യങ്ങളാലും പരിത്യാഗങ്ങളാലും രക്തസാക്ഷിത്വത്താലും അലംകൃതയും മനോഹരിയുമായ സഭയെ നാം ഓർത്തെടുക്കുമ്പോൾ സഭയുടെ കുറവുകളിൽ അവൾക്കു വേണ്ടി പ്രാർത്ഥിക്കുവാനും സഭാജീവിതത്തോട് ചേർന്നുജീവിക്കുവാനും നമ്മുടെ വിശുദ്ധി നിറഞ്ഞ ജീവിതത്താൽ സഭയുടെ ആന്തരികമനോഹാരിതയെ പടുത്തുയർത്തുവാനും നമുക്ക് പ്രത്യേകമായി പരിശ്രമിക്കാം. സഭയുടെ കൂട്ടായ്മയിൽ ജീവിക്കുവാനും ശിരസ്സായ മിശിഹായിൽ നിന്ന് സഭയിലൂടെ അദൃശ്യകൃപാവരങ്ങളാകുന്ന സമ്പത്തിനെ സ്വന്തമാക്കുവാനും ഈ കാലഘട്ടത്തിൽ നമുക്ക് ശ്രദ്ധിക്കാം.

ശിരസ്സായ മിശിഹായുടെ രാജത്വത്തെ ഏറ്റുപറയുന്ന ഈശോയുടെ രാജത്വത്തിരുനാളും ഈ മാസം നാം ആഘോഷിക്കുകയാണല്ലോ. അശാന്തിയും അരാജകത്വവും വ്യക്തിജീവിതത്തിലും കുടുംബങ്ങളിലും സമൂഹത്തിലും രാഷ്ട്രങ്ങളിലും വേരുറപ്പിക്കുന്ന ഈ കാലഘട്ടത്തിൽ സമാധാനരാജാവായ മിശിഹായുടെ രാജത്വം ഏറ്റുപറയുവാനും പ്രഘോഷിക്കുവാനും സുസ്ഥാപിതമായ ഒരു ദൈവരാജ്യത്തെ ഭൂമിയിൽ പടുത്തുയർത്തുവാനും ഈ തിരുനാൾ നമ്മെ ഓരോരുത്തരെയും ആഹ്വാനം ചെയ്യുന്നു. സ്നേഹത്തിന്റെയും കരുണയുടെയും നീതിയുടെയും സമാധാനത്തിന്റെയും രാജാവായ ഈശോയുടെ രാജത്വം ആഘോഷിക്കുമ്പോൾ, നമ്മുടെ ജീവിതങ്ങളിലും കുടുംബങ്ങളിലും ഇടവകസമൂഹത്തിലും അവിടുത്തെ മൂല്യങ്ങൾ സാക്ഷാത്കരിക്കാൻ നമുക്ക് സാധിക്കണം. അധികാരത്തിനും സമ്പത്തിനും വ്യക്തികേന്ദ്രീകൃത ജീവിതത്തിനും അമിതപ്രാധാന്യം ലഭിക്കുന്ന ഇന്നത്തെ സാമൂഹ്യസാഹചര്യത്തിൽ, മറ്റുള്ളവരെ സേവിക്കുന്നതിലൂടെയാണ് യഥാർത്ഥ മഹത്വം കൈവരുന്നതെന്ന് ഈശോയുടെ രാജത്വം നമ്മെ ഓർമ്മിപ്പിക്കുന്നു. രാജാക്കന്മാരുടെ രാജാവും നാഥന്മാരുടെ നാഥനുമായ ക്രിസ്തു യഹൂദരുടെമാത്രം രാജാവല്ല, മറിച്ച് ലോകം മുഴുവന്റെയും രാജാവാണ്. "സ്വർഗ്ഗത്തിൽ വാഴുന്ന പിതാവേ, അവിടുത്തെ രാജ്യം ഭൂമിയിൽ സംജാതമാക്കണമേ" എന്ന് അനുദിനം പ്രാർത്ഥിക്കുന്ന ഓരോ ക്രൈസ്തവനും

ക്രിസ്തുവിനെ രാജാവായി ഏറ്റുപറയണമെന്നും, ഭൂമിയിൽ ദൈവരാജ്യത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്ന മനുഷ്യരായി മാറണമെന്നും ഈ തിരുനാൾ നമ്മെ ഓർമ്മപ്പെടുത്തുന്നു.

സ്വർഗ്ഗരാജ്യത്തിലെ നീതിമാനായ രാജാവിനെ മുന്നിൽ കണ്ടുകൊണ്ട് വിശുദ്ധിയിൽ ജീവിതം പടുത്തുയർത്തുവാനും നിത്യജീവന്റെ പ്രത്യാശയെ സ്വന്തമാക്കുവാനും മണവാട്ടിയായ സഭയുടെ ആദ്ധ്യാത്മികസമ്പത്തിൽ വേരൂന്നിക്കൊണ്ട് ആത്മവിഭൂഷകരായി രൂപാന്തരപ്പെടുവാനും നമുക്ക് സാധിക്കട്ടെ.

സ്നേഹത്തോടെ

വികാരിയച്ചൻ

റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ



കഴിഞ്ഞ ഒരു മാസക്കാലം നമ്മുടെ ഇടവകയിൽ പള്ളിയിലും മൈക്രോയൂണിറ്റുകളിലുമായി നടന്ന ജപമാലപ്രാർത്ഥനകളിൽ ഇടവകാംഗങ്ങളെല്ലാവരും ഭക്തിപൂർവ്വം പങ്കെടുക്കുകയുണ്ടായി. പരസ്പരൈക്യത്തിന്റേയും കൂട്ടായ്മയുടെയും അവസരമൊരുക്കി പ്രാർത്ഥനകളിൽ സഹകരിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു. പരിശുദ്ധ അമ്മയുടെ സാന്നിദ്ധ്യവും സംരക്ഷണവും നമ്മുടെ ഇടവകകുടുംബത്തിൽ സമൃദ്ധമായി ഉണ്ടാകട്ടേയെന്ന് പ്രാർഥിക്കുന്നു.

ലോഗോസ് ക്വിസ്സിൽ നമ്മുടെ ഇടവകയിൽ നിന്ന് വളരെയേറെപ്പേർ പങ്കെടുത്തു. വളരെയധികം ഇടവകാംഗങ്ങൾക്ക് ഉന്നതമായ വിജയം കരസ്ഥമാക്കാൻ സാധിച്ചു. എല്ലാവരെയും ഏറെ സ്നേഹത്തോടെ അഭിനന്ദിക്കുന്നു.

Logos Quiz Result 2026
St. George Forane Church
Muthalakodam

Logos Family - Diocesan winners

P J Thomas, Gracy, Joice & Mereesa - Parayil (H)

Group A

1.	Gloria K.N, Korattiyil	- 65
2.	Serah Elizabeth Joseph, Charalil	- 60
3.	Catherin Jibin, Pulparambil	- 60

Group B

1.	Albina Elizabeth Gijo, Thekkethottiyil	- 82

2. Jaise Joseph, Purayidathil - 70
3. Dibin Shyju, Kollarackal - 66

Group C

1. Joice Thomas , Parayil - 93
2. Mereesa Thomas (Cat.Teacher), Parayil - 91
3. Jismal Geo Jacob, Alanolickal - 88
4. Ajin Joy (Cat.Teacher), Mundolickal - 85
5. Arnold John Jijo, Thekkethottyil - 85
6. Mariya Kuriyachan (Cat.Teacher), Mudayamkunnel - 84
7. James Akarsh, Arackal - 80
8. Mariya Joy (Cat.Teacher), Pazhukkakulathu - 80
9. Joseph Martin, Chemparathy Kalappurayil - 76
10. Angel Mary Soy (Cat.Teacher), Peediyeckaparayil - 75
11. Sr. Abhiya Joy CMC, Carmelgiri Provincial House - 75
12. Shon Boby, Parathalackal - 72
13. Josmi Joy (Cat.Teacher), Thottiparambil - 72
14. Alan Micheal, Thottiparambil - 70
15. Aron Anish, Kunnathumparayil - 70
16. Bobit B Xavier, Punnackal - 70
17. George K J, Kunnakkattu - 70
18. Jose Jomon, Maliyeckal - 70
19. Anjali Thomas, Kandathinkara - 70

Group D

1. Lincy Martin (Cat.Teacher), Chemparathy - 96
2. Tintu Joseph (Cat.Teacher), Alappattu - 92
3. Jaimon Thomas, Kanjiramalayil - 91
4. Rosily Agnel, Chemparathy - 88
5. Sr. Tissa SH (Cat.Teacher), Nadakunnel - 87
6. Anju Baby, Pedickattukunnel - 87

7. Sr. Ans George SH (Cat.Teacher), Holy Family Hospital - 86
8. July Thomas, Kizhakkethil Josevilla - 86
9. Sr. Tess Maria SH (Cat.Teacher), Ammottukunnel - 85
10. Jincy Joby, Mundackamattathil - 85
11. Dimple Mathew, Kuzhimattathil - 83
12. Soniya Mathew, Parekudy - 80
13. Simily Sibu, Kochuputhenpurayil - 80
14. Sr. Pushpa Maria SH (Cat.Teacher), Kolamkuzhiyil - 80
15. Sr. Ancy Tom SH, SH Convent(Hospital) - 80
16. Manju Joseph, Thekkethottiyil - 80
17. Maria Soji (Cat.Teacher), Madathiparambil - 76
18. Sr.Betsy SH (Cat.Teacher), SH Convent Muthalakodam - 76
19. Sr. Ans Mattapillil SH (Cat.Teacher), Hospital - 76
20. Elsitta Bony, Njaloor - 73
21. Sini Mathew, Madathikandathil - 70
22. Elizabeth Mathew, Paimpillil - 70
23. Santy Binoy, Akkappadickal - 70

Group E

1. Lissy Antony, Akkappadickal - 96
2. Tessy Melvin, Chakkungal - 96
3. Mercy Jose (Cat.Teacher), Edassery - 95
4. Beena Kuruvila, Pothanparambil - 93
5. Gracy Shaju (Cat.Teacher), Mattathil - 93
6. Gracy Thomas (Cat.Teacher), Parayil - 92
7. Mary Sebastian, Naduparampil - 91
8. Sr. Jibi SH, SH Convent(Hospital) - 90
9. Ancy Joy, Pallath - 89
10. Thankachan N J, Neeruvelil - 89
11. Shiny Benny, Chemparathickal - 89

12.	Sr. Jancy SH Edasseril (Cat.Teacher), Hospital	- 85
13.	Jancy Joy (Cat.Teacher), Pazhukkakulathu	- 82
14.	Mini John, Chemparathy	- 81
15.	Teesha Johnson, Adappoor	- 81
16.	Chinnamma Sunny, Maliyeckal	- 81
17.	Sr. Mary Therese LSDP (Cat.Teacher), Providence Home,Ezhumuttom	- 80
18.	Lissy Raju, Thoyalil	- 80
19.	Lucy Michael(Cat.Teacher), Thurackalputhenpurayil	- 77
20.	Mini Antony (Cat.Teacher), Inchackal	- 75
21.	Sr. Anseena James SH (Cat.Teacher), Thannipothiyil	- 73
22.	Anie George, Thannickal	- 72
23.	Lovely Tomy , Chemparathy	- 72
24.	Mini Roy, Adhamkuzhiyil	- 70
25.	Mercy Santo, Chemparathy	- 70
26.	Lissy Abraham, Manadan	- 70
27.	Ivy Lal, Arukakkal	- 70

Group F

1.	Mary Joseph, Arppamattom Puthenpurayil	- 97.1
2.	Elsy Baby, Kurumpalath	- 92
3.	Moly Francis, Mundakkal	- 92
4.	Beena George, Puthempurayil	- 92
5.	Thomas P.J, Parayil	- 92
6.	Thankamma George, Kunnumpurathu	- 92
7.	Sr. Else Maria SH, SH Convent (Hospital)	- 92
8.	Elamma George, Pamboorickal	- 90
9.	Paily K.K, Kallingakkudiyil	- 90
10.	Sr. Annie Flower SH, SH Convent(Hospital)	- 90
11.	Sr. Jais SH, SH Convent(Hospital)	- 88

12. Mercy Kurian, Eranackal - 87
13. Sr. Jees Flower SH, SH Convent(Hospital) - 86
14. Elsy Jose, Kunnummel - 85
15. Chinnamma Mathew, Karottuchakkangal - 82
16. Mary George, Palakkatt - 80
17. Elsy Joy, Vanyamparambil - 80
18. Sr. Joice Maria SH, SH Convent(Hospital) - 72
19. Sr. Imelda SH, SH Convent - 71



സൺഡേസ്കൂൾ

ഒക്ടോബർ

* മിഷൻലീഗിന്റെ സ്വർഗ്ഗീയമദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്സ്യായുടെ തിരുനാൾ ആഘോഷിച്ചു.
* ഒക്ടോബറിൽ എല്ലാ ദിവസവും പള്ളിയിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.
* കുട്ടികളുടെ ഫസ്റ്റ് സെം എക്സാം നടന്നു.
* മിഷൻസൺഡേയോട് അനുബന്ധിച്ച് സംസ്ഥാനതല മിഷൻ ഞായർ ആചരണം നടത്തി.
* അധ്യാപക ക്ലാസ് നടത്തി.
* ഇടവകതലത്തിൽ കുട്ടികളുടെ Mission Quest നടത്തി.
* 10,12 ക്ലാസിലെ കുട്ടികളുടെ മൂല്യനിർണയം നടത്തിയ ഉത്തരക്കടലാസുകൾ സൈറ്റിൽ എന്റർ ചെയ്തതിനുശേഷം രൂപതാകേന്ദ്രത്തിൽ എത്തിച്ചു.
* ലോഗോസ് ഫാമിലിയിൽ മതാദ്ധ്യാപികയായ ഗ്രേസി തോമസ് പാറയിൽ ടീച്ചറും കുടുംബവും രൂപതയിൽ രണ്ടാംസ്ഥാനം നേടി.
* സി കാറ്റഗറിയിൽ മതാദ്ധ്യാപികയായ മെരീസ തോമസ് ടീച്ചർ രൂപതയിൽ ഒന്നാം സ്ഥാനം നേടി.

നവംബർ

* സകല വിശുദ്ധരുടെയും തിരുനാൾ
* Mission Quest രൂപതാതലം
* വിശ്വാസപരിശീലക ദിനം
* സെ എക്സാം
* ലോഗോസ് രൂപതാതലവിജയികളായവർക്കുള്ള സംസ്ഥാന എഴുത്തു പരീക്ഷ
* മിശിഹായുടെ രാജത്വത്തിരുനാൾ, തിരുനാളിനോടനുബന്ധിച്ച് യു.പി. സ്കൂളിലേക്ക് റാലി
* FACE 2026 – സെന്റ് മേരീസ് സ്കൂൾ കരിമണ്ണൂർ

കെ.സി.വൈ.എം

03-10-2026 : പരിശുദ്ധ മാതാവിന്റെ കൊന്തമാസത്തോടനുബന്ധിച്ച് പള്ളിയുടെ മുൻവശത്ത് ജപമാല നിർമ്മിച്ച് സ്ഥാപിക്കുകയും അതിൽ ദീപാലങ്കാരങ്ങൾ ഒരുക്കുകയും ചെയ്തു.

04-10-2026: പതിവുപോലെ പൊതിച്ചോർ ശേഖരിക്കുകയും കെ. സി. വൈ. എം. അംഗങ്ങൾ 'ലവ് ഹോം' സന്ദർശിച്ച് പൊതിച്ചോർ വിതരണം ചെയ്യുകയും ചെയ്തു.

11-10-2026: കെ. സി. വൈ. എം. ഫൊറോന വാഴക്കാല ഇടവകയിൽ സംഘടിപ്പിച്ച ജപമാലറാലിയിൽ യൂണിറ്റ് അംഗങ്ങൾ പങ്കുചേർന്നു.

17-10-2026: പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പുതിയ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനുമായി എക്സിക്യൂട്ടീവ് യോഗം ചേർന്നു.

മാതൃവേദി

* ഒക്ടോബർ 4-ാം തീയതി മാതൃവേദിയുടെ പ്രതിമാസസമ്മേളനം നടന്നു.
* **യൂണിറ്റ് തിരഞ്ഞെടുപ്പ്**:- 2027-28 പ്രവർത്തനവർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു. മാതൃവേദി ഫൊറോനാ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ അച്ചന്റെയും ആനിമേറ്റർ സി. വിജിൽ SH ന്റെയും നേതൃത്വത്തിൽ തിരഞ്ഞെടുപ്പ് നടത്തപ്പെട്ടു. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ പേരുകൾ താഴെ ചേർക്കുന്നു.

സെനറ്റ് അംഗങ്ങൾ:

1. Mrs. ഷൈനി സ്റ്റീഫൻ പമ്പൂരേത്ത്
2. Mrs. ലിസ്സി എബ്രാഹം മാനാടൻ

യൂണിറ്റ് പ്രസിഡന്റ് : Mrs. കൊച്ചുറാണി മാത്യു മാംകുന്നേൽ

സെക്രട്ടറി : Mrs. സിൽജ ബാബു കുരീക്കുന്നേൽ

ട്രഷറർ : Mrs. സിനി മാത്യു മഠത്തിക്കണ്ടത്തിൽ

വൈസ് പ്രസിഡന്റ് : Mrs. ജെസ്സി ജോർജ് കേളകത്ത്

ജോയിന്റ് സെക്രട്ടറി : Mrs. സാലി ജോയി മറ്റപ്പിള്ളിൽ

തിരഞ്ഞെടുക്കപ്പെട്ട എല്ലാവർക്കും അഭിനന്ദനങ്ങൾ.

* നവംബർമാസ സമ്മേളനം 01-11-2026 ആദ്യഞായർ ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തപ്പെടുന്നു. എല്ലാ അമ്മമാരെയും സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

പിതൃവേദി

* എല്ലാ ഞായറാഴ്ച്ചകളിലും രോഗീസന്ദർശനം നടത്തുന്നു.
* പതിവുപോലെ എല്ലാ ആദ്യ ശനിയാഴ്ച്ചകളിലും 7 pm ന്റെ വി. കുർബാനയ്ക്കുശേഷം പള്ളി ചുറ്റി ജപമാലപ്രദക്ഷിണം നടത്തുന്നു. സാധിക്കുന്ന എല്ലാവരും പങ്കെടുക്കുമല്ലോ.
* മാസത്തിലെ രണ്ടാമത്തെ വെള്ളിയാഴ്ച്ച ബഹുമാനപ്പെട്ട വൈദീകരുടെ നേതൃത്വത്തിൽ ഭവനങ്ങളിൽ കിടപ്പുരോഗികൾക്ക് വിശുദ്ധ കുർബാന സ്വീകരിക്കുവാനുള്ള സൗകര്യം ഒരുക്കുന്നു. പള്ളി ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യാത്ത ഏതെങ്കിലും കിടപ്പുരോഗികൾ ഉണ്ടെങ്കിൽ പള്ളി ഓഫീസുമായി ബന്ധപ്പെട്ട് ഈ അവസരം പ്രയോജനപ്പെടുത്തുക.
* എല്ലാ വ്യാഴാഴ്ച്ചകളിലും വൈകിട്ട് 7 മണിക്ക് പള്ളിചാപ്പലിൽ പ്രാർത്ഥനാക്കൂട്ടായ്മ നടത്തപ്പെടുന്നു.

സെന്റ് വിൻസെന്റ് ഡീപോൾ സൊസൈറ്റി സെന്റ് ജോർജ് കോൺഫറൻസ് മുതലക്കോടം

* എല്ലാ ഞായറാഴ്ച്ചയും രാവിലെ 8.30 ന് പ്രാർത്ഥനയോടുകൂടി കോൺഫറൻസ് യോഗം ആരംഭിക്കുന്നു.
* അംഗങ്ങൾ ഭവനസന്ദർശനം നടത്തുകയും പാവപ്പെട്ടവർക്കും രോഗികൾക്കും സഹായങ്ങൾ നൽകുകയും ചെയ്യുന്നു.
* സെപ്റ്റംബർ 27-ാം തീയതി വിൻസെന്റ് ഡി പോൾ ദിനത്തിൽ വി. കുർബാന ചൊല്ലിക്കുകയും അംഗങ്ങൾ പ്രതിജ്ഞ പുതുക്കുക യും ചെയ്തു.
* ഒക്ടോബർ 4-ാം തീയതി മുതലക്കോടം ഏരിയ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടത്തിയ സെമിനാറിൽ അംഗങ്ങൾ പങ്കെ ടുത്തു.

വിൻസെന്റ് ഡീപോൾ (വനിതാ വിഭാഗം)

* എല്ലാ തിങ്കളാഴ്ച്ചയും 10 30 am ന് ജപമാലയോടുകൂടി വിൻസെൻ ഷ്യൻ അംഗങ്ങൾ സമ്മേളിക്കുന്നു.
* ഒക്ടോബർ 4-ാം തീയതി AC യുടെ അർദ്ധവാർഷികം സീയോൻ ഹാളിൽ വച്ച് നടത്തപ്പെട്ടു. ബഹുമാനപ്പെട്ട വികാരി റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ ഉദ്ഘാടനം നിർവ്വഹിച്ചു. അഡ്വ. റൈജു വർഗീസ് ക്ലാസ് നയിച്ചു. അംഗങ്ങൾ എല്ലാവരും പങ്കെ ടുത്തു.
* ഏറ്റെടുത്ത വീടിന്റെ പണി പുരോഗമിക്കുന്നു. അംഗങ്ങൾ ധനശേ ഖരണാർത്ഥം ഭവനസന്ദർശനം നടത്തിവരുന്നു.
* എല്ലാ മാസവും 12 ദത്തുകുടുംബങ്ങൾക്കും 10 ദത്തുവിദ്യാർഥി കൾക്കും സഹായം നൽകുന്നു.
* ഭവനനിർമ്മാണ സഹായം - Rs. 100000/-
* ചികിത്സാസഹായം - Rs. 14000/-
* ദത്തുകുടുംബ സന്ദർശനം - 34
* രോഗീസന്ദർശനം - 218



* ഭവനസന്ദർശനം - 303
* വിശേഷാൽ സന്ദർശനം - 73

ചെറുപുഷ്പ മിഷൻ ലീഗ്

* ശാഖാകൗൺസിൽ നടത്തി.
* സംസ്ഥാന മിഷൻഞായർ ആചരണം മുതലക്കോടം ശാഖയിൽ വച്ച് നടത്തുന്നതിനാൽ അതിന് ഒരുക്കമായി നടത്തിയ രൂപതാ-മേഖലാ-ശാഖാ സംയുക്ത എക്സിക്യൂട്ടീവ് മീറ്റിംഗിൽ ശാഖാഭാരവാഹികൾ, ഫൊറോനാവികാരി റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ, കൊച്ചച്ചന്മാരായ റവ. ഫാ. ജെറിൽ നിരപ്പേൽ, റവ. ഫാ. ജിതിൻ ചാരനാൽ, സി. പുഷ്പ മരിയ എന്നിവർ പങ്കെടുത്തു.
* എക്സിക്യൂട്ടീവ് മീറ്റിംഗിൽ ബഡ്ജറ്റ് അവതരണം നടത്തി.
* രണ്ടാം ശനിയാഴ്ച്ച ജപമാലറാലി നടത്തി.
* സംസ്ഥാന മിഷൻവാരാചരണ സമാപനസമ്മേളനത്തിൽ സംസ്ഥാനസമിതി മുതലക്കോടം ശാഖയ്ക്ക് ആദരവ് നൽകി.
* മിഷൻഞായർ ആചരണം നടത്തി. പിടിയും കോഴിയും വില്പന നടത്തി.
* വി. കുർബാനയ്ക്ക് ശേഷം ബഹുമാനപ്പെട്ട വികാരിയച്ചൻ തിരിതെളിച്ച് മിഷൻ വാരാചരണം ഉദ്ഘാടനം ചെയ്തു.
* മിഷൻ വാരാചരണത്തിന്റെ ഭാഗമായി ഓരോ ദിവസവും മിഷൻപ്രദേശങ്ങൾക്കുവേണ്ടിയുള്ള നിയോഗങ്ങളും സുകൃതങ്ങളും ചെയ്തു.
* കോതമംഗലം രൂപതയുടെ മിഷൻകേന്ദ്രമായ ഉത്കല മിഷനിൽ സേവനം ചെയ്യുന്ന റവ. ഫാ. വർഗീസ് പാറമേൽ അച്ചനുമായി ശാഖയിലെ മിഷൻലീഗ് അംഗങ്ങൾ Google meet നടത്തി. അവിടെയുള്ള ജനങ്ങളുടെ ജീവിതരീതി, മിഷൻപ്രവർത്തനങ്ങൾ എന്നിവ അച്ചൻ വിശദീകരിച്ചു.

* സ്ഥാപക ദിനാചരണം നടത്തി. ബഹുമാനപ്പെട്ട ജിതിൻ ചാരനാൽ അച്ചൻ പതാക ഉയർത്തി.
* വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോട് അനുബന്ധിച്ച് അസാധാരണ സമ്മേളനവും പൊതുദിവ്യകാരുണ്യ സ്വീകരണവും നടത്തി.
* കോതമംഗലം രൂപതാമിഷൻലീഗ് കലോത്സവത്തിൽ മുതലക്കോടം മേഖല ഒന്നാംസ്ഥാനം കരസ്ഥമാക്കി. ഏറ്റവും കൂടുതൽ പോയിന്റുകൾ നേടിയ മികച്ച ശാഖയ്ക്കുള്ള ട്രോഫി നമുക്ക് ലഭിച്ചു. ഈ വിജയത്തിന് പിന്നിൽ അധ്വാനിച്ച ബഹുമാനപ്പെട്ട വികാരിയച്ചൻ, കൊച്ചച്ചന്മാർ, ന്യൂമാൻ കോളേജ് പ്രിൻസിപ്പാൾ ജെന്നി സാർ, മതാദ്ധ്യാപകർ, സിസ്റ്റേഴ്സ്, മാതാപിതാക്കൾ - എല്ലാവർക്കും നന്ദി.

കുടുംബവാർത്തകൾ

പുതുമലരുകൾക്ക് സ്വാഗതം

വീട്ടുപേര് : ചൊള്ളാമഠത്തിൽ
മാമ്മോദീസാ പേര് : ജോസഫ്
വിളിപ്പേര് : ആർതർ ജോസഫ് അജി
മാതാപിതാക്കൾ : അജി സിറിൽ - ജിഷ
മാമ്മോദീസാ : 27/09/2026

വീട്ടുപേര് : തെക്കേക്കുറ്റിപ്പാലയ്ക്കൽ
മാമ്മോദീസാ പേര് : സെബാസ്റ്റ്യൻ
വിളിപ്പേര് : ലൂക്കാ റിജോ
മാതാപിതാക്കൾ : റിജോ ജേക്കബ് - അന്ന നൂതൽ
മാമ്മോദീസാ : 05/10/2026

വീട്ടുപേര് : മണിമല
മാമ്മോദീസാ പേര് : ജെയിംസ്
വിളിപ്പേര് : ലിയോ മാത്യൂസ്
മാതാപിതാക്കൾ : മാത്യൂസ് - റോസ്ന
മാമ്മോദീസാ : 03/10/2026

വീട്ടുപേര് : തെക്കേക്കുറ്റിപ്പാലയ്ക്കൽ
മാമ്മോദീസാ പേര് : പൗലോ
വിളിപ്പേര് : പൗലോ റോബി
മാതാപിതാക്കൾ : റോബി പോൾ - ലിറ്റി
മാമ്മോദീസാ : 21/10/2026

വീട്ടുപേര് : തെക്കേക്കുറ്റിപ്പാലയ്ക്കൽ
മാമ്മോദീസാ പേര് : എലിസബത്ത്
വിളിപ്പേര് : എലിസബത്ത് റോബി
മാതാപിതാക്കൾ : റോബി പോൾ - ലിറ്റി
മാമ്മോദീസാ : 21/10/2026

വീട്ടുപേര് : പൂവൻതുരുത്തിൽ
മാമ്മോദീസാ പേര് : സെബാസ്റ്റ്യൻ
വിളിപ്പേര് : സെബാസ്റ്റ്യൻ ജോസഫ്
മാതാപിതാക്കൾ : ജോസഫ് - നിമിഷ
മാമ്മോദീസാ : 21/09/2026

നിത്യതയിലേയ്ക്ക് വിളിക്കപ്പെട്ടവർ

മിനി ജോണി (58)
പാറേപ്പറമ്പിൽ
കുന്നം കിഴക്ക് വാർഡ്
മരണം: 28/09/2026

ത്രേസ്സ്യാമ്മ ആന്റണി (89)
മാടപ്പള്ളിൽ
ഞരളക്കാട് ബി വാർഡ്
മരണം: 28/09/2026

സ്കറിയ കെ തോമസ് (58)
കന്യാകോണിൽ
താബോർ വാർഡ്
മരണം: 30/09/2026

ജോസ് ഔസേഫ് (85)
കൊറ്റംകേരി
മുതലക്കോടം ടൗൺ വാർഡ്
മരണം: 01/10/2026

മറിയാമ്മ മത്തായി (87)
കാഞ്ഞിരത്തിങ്കൽ
പഴുക്കാകുളം വാർഡ്
മരണം: 06/10/2026

ഷാജൻ അബ്രാഹം (64)
കുടിയത്തുകുഴിഷിൽ
കാഞ്ഞിരംപാറ വാർഡ്
മരണം: 18/10/2026

ജോണി പി എം (78)
പെരുമ്പിൽ
കനാൽ വാർഡ്
മരണം: 25/10/2026

പ്രധാനദിനങ്ങൾ – നവംബർ

01	ഞായർ	സകല വിശുദ്ധരുടെയും തിരുനാൾ
02	തിങ്കൾ	സകല മരിച്ചവരുടെയും ഓർമ്മ
03	ചൊവ്വ	വി. മാർട്ടിൻ ഡി പോറസ്
05	വ്യാഴം	വി. സക്കറിയ, വി. എലിസബത്ത്
06	വെള്ളി	ആദ്യവെള്ളി
10	ചൊവ്വ	വി. ലിയോ (I) മാർപാപ്പ
13	വെള്ളി	വി. സ്റ്റനിസ്ലാവോസ്
17	ചൊവ്വ	ഹംഗറിയിലെ വി. എലിസബത്ത്
21	ശനി	മാർ തോമാശ്ലീഹായുടെ ഭാരതപ്രവേശനം പരിശുദ്ധ കന്യകാമറിയത്തിന്റെ സമർപ്പണം
22	ഞായർ	മിശിഹായുടെ രാജത്വത്തിരുനാൾ
29	ഞായർ	വി. അന്ത്രയോസ് ശ്ലീഹാ

വിവാഹ ഒരുക്ക സെമിനാർ

മൂവാറ്റുപുഴ നെസ്റ്റ്

2026 നവംബർ 5, 6, 7, 19, 20, 21

ഫോൺ : 0485-2830035(10.00-4.00), മൊബൈൽ : 9495011191, 9539658158

Online on : www.familyapostalateklm.com

പാവനസ്മരണയ്ക്ക്

1-ാം ചരമവാർഷികം



സോജി സോജൻ

മധുരമറ്റത്തിൽ
കാരൂപ്പാറ

ജനനം; 19-05-1999 മരണം: 10-11-2025

"സമാധാനത്താൽ ഞാൻ പൂർണ്ണഹൃദയത്തോടെ കിടന്നുറങ്ങും;
കർത്താവേ, മാത്രം നീയെന്നെ സുരക്ഷിതനായി വസിക്കാൻ ഇടയാക്കുന്നു."
(സങ്കീർത്തനങ്ങൾ 4:8)

സ്നേഹസ്മരണയിൽ



ഞാൻ ജീവിച്ചിരുന്നപ്പോൾ നിങ്ങൾ
എന്നെ സ്നേഹിച്ചതുപോലെ,
സ്വർഗ്ഗത്തിൽ നാം ഒരുമിക്കുന്നതുവരെ
നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും
ഓർക്കണമേ.

10-ാം ചരമവാർഷികം

വർഗ്ഗീസ് മാണി

ജനനം : 23.05.1924
മരണം : 18.11.2016

24-ാം ചരമവാർഷികം

ഏലിക്കുട്ടി വർഗ്ഗീസ്

ജനനം : 06.11.1926
മരണം : 16.10.2002

ഒലേടത്തിൽ കുടുംബം



Your Wish Granted
JOSHCO
INTERIORS

Your Home, Our Passion

Complete
Home Interiors
Solutions

QUALITY
COMFORT
STYLE
FOR EVERY HOME

വീടിന്റെ ഭംഗിയോടൊപ്പം,
അകത്തളങ്ങളും അതിമനോഹരമാക്കാം.


CURTAINS
Wide Range of Fabrics & Modern Designs


SOFA SETS
Premium Comfort Custom Designs


WINDOW BLINDS
Zebra, Roller, Venetian, Bamboo, PVC & Wooden Blinds


UPHOLSTERY
Sofa, Chair & Cushion Fabrics


CURTAIN ACCESSORIES
Rods, Brackets, Tracks and more


SOFA RE UPHOLSTERY
Give Your Old Sofa a New Life



THODUPUZHA SHOWROOM
Veecix Towers,
Kothaikunnu ByPass Road,
Thodupuzha
7558810241

VANNAPURAM SHOWROOM
Oliyanickal Bld.,
Plantationkavala,
Vannapuram
7510553414



ജോഷി മാണി ഒലേടത്തിൽ 8547 858 414

കർട്ടൻസ് | സോഫാസ് | ബ്ലൈൻഡ്സ്

PRISTINE
DEVELOPERS

തൊടുപുഴ, മുതലക്കോടം

സ്വപ്നഭവനത്തിന്
ഇനി ഒരു മനോഹരമായ തുടക്കം...



തൊടുപുഴ മുതലക്കോടം ടൗണിൽ നിന്നും
3.0 KMS ചുറ്റളവിൽ
10~20 സെന്റ് പ്ലോട്ടുകൾ വില്പനയ്ക്ക്

Price Starts from
₹1,30,000
/Cent

- ബസ് റൂട്ടിൽ നിന്നും 350M അകലത്തിൽ സ്ഥിതി ചെയ്യുന്ന പ്ലോട്ടുകൾ.
- ടാറിങ് ചെയ്ത അപ്രോച്ച് റോഡ്.
- പ്രശസ്തമായ ആരാധനാലയങ്ങൾ, ഹോസ്പിറ്റലുകൾ, സ്കൂളുകൾ എന്നിവ വെറും 2.5KM ചുറ്റളവിൽ.
- കിണർ വെള്ളം (PLOT-ൽ തന്നെ)
- ഭവനനിർമാണത്തിന് അനുയോജ്യമായ ഹൗസിങ് പ്ലോട്ടുകൾ.
- തൊടുപുഴ ടൗണിൽ നിന്നും 6KM ചുറ്റളവിൽ 10-20 സെന്റ് പ്ലോട്ടുകൾ വില്പനയ്ക്ക്.







Location
QR Code
Scan to get directions in Google Maps

Total 23 plots
(10 cents each, convertible to 20 cents if required)

Properly tarred internal roads

Reliable water facility

Scenic east-facing view with greenery around

Clear documentation with hassle-free ownership transfer

Contact 8547 178 479 | 8547 858 414

സ്നേഹസ്മരണയ്ക്ക്.....

6-ാം ചരമവാർഷികം

(20-11-2026)



പി.വി.ജോസഫ് (ഔസേപ്പച്ചൻ) പാറത്തലയ്ക്കൽ

മുതലക്കോടം, കുന്നം

ജനനം : 09-02-1940 **മരണം : 20-11-2020**

"ഞാൻ നിങ്ങളിൽ നിന്നും അകന്നുപോയെങ്കിലും എന്റെ സ്നേഹം നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും സ്മരിക്കണമേ"

ചോദ്യങ്ങൾ വി. യോഹന്നാൻ 13 മുതൽ 17 വരെ അദ്ധ്യായങ്ങളിൽ നിന്നാണ്.
ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി നവംബർ 20.

BIBLE QUIZ

1. യേശു അപ്പം പാത്രത്തിൽ മുക്കി ആർക്കാണ് കൊടുത്തത്?
2. യേശുവിന്റെ നെഞ്ചോടു ചാരിയിരുന്ന ശിഷ്യനോട് പത്രോസ് എന്തു ചെയ്യാൻ ആംഗ്യം കാണിച്ചു?
3. "കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരിക" എന്നു പറഞ്ഞ ശിഷ്യൻ ആരാണ്?
4. "എന്നെക്കാൾ വലിയവനാണ് പിതാവ്" എന്ന് യേശു പറഞ്ഞത് ഏത് അധ്യായത്തിൽ എത്രാമത്തെ വാക്യത്തിലാണ്?
5. യേശുവിന്റെ സ്നേഹത്തിൽ നിലനിൽക്കാനുള്ള മാർഗമായി അവിടുന്ന് എന്താണ് പറഞ്ഞത്?
6. ലോകം ശിഷ്യന്മാരെ വെറുക്കുമ്പോൾ ആദ്യം വെറുത്തത് ആരെയാണെന്ന് ഓർക്കണമെന്നാണ് യേശു പറഞ്ഞത്?
7. പരിശുദ്ധാത്മാവ് വരുമ്പോൾ ലോകത്തെക്കുറിച്ച് എന്തെല്ലാം കാര്യങ്ങൾ ബോധ്യപ്പെടുത്തുമെന്നാണ് യേശു പറഞ്ഞത്?
8. പരിശുദ്ധാത്മാവ് ശിഷ്യന്മാരെ എന്തിലേക്കു നയിക്കുമെന്നാണ് യേശു പറഞ്ഞത്?
9. നിത്യജീവനെക്കുറിച്ച് യേശു നൽകിയ നിർവ്വചനം എന്താണ്?
10. വി. യോഹന്നാന്റെ സുവിശേഷം 17-ാം അധ്യായത്തിൽ, യേശു ലോകസ്ഥാപനത്തിനുമുമ്പ് പിതാവിനോടുകൂടെ തനിക്കുണ്ടായിരുന്ന മഹത്ത്വത്തെക്കുറിച്ച് എന്താണ് പ്രാർത്ഥിച്ചത്?
11. ശിഷ്യന്മാർ ലോകത്തിൽ നിന്നുള്ളവരല്ലെന്ന് യേശു എത്ര പ്രാവശ്യം ഊന്നിപറയുന്നു?
12. യോഹന്നാൻ 13 മുതൽ 17 വരെ അധ്യായങ്ങളിൽ യേശു നേരിട്ട് "പിതാവിനോട് പ്രാർത്ഥിക്കുന്നു" എന്നു വ്യക്തമായി പറയുന്ന അധ്യായം ഏതാണ്?
13. ശിഷ്യന്മാർ ചിതറിപ്പോകുമെന്ന് പറഞ്ഞപ്പോൾ, താൻ ഒറ്റയ്ക്കല്ലെന്ന് വ്യക്തമാക്കാൻ യേശു എന്താണ് പറഞ്ഞത്?

കഴിഞ്ഞലക്കം ഉത്തരങ്ങൾ

1. വേനൽക്കാലം (ലൂക്കാ 21:30)
2. സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത (ലൂക്കാ 21:34-35)
3. തെറ്റ് (ആ വീടിന്റെ ഉടമസ്ഥനോട് ചോദിക്കുക, ലൂക്കാ 22:11)
4. കാവൽ നിന്നിരുന്നവർ (ലൂക്കാ 22:63)
5. ഹേറോദേസ് (ലൂക്കാ 23:7)
6. അരിമത്തിയായിൽനിന്നുള്ള ജോസഫ് (ലൂക്കാ 23:51)
7. പത്രോസ് (ലൂക്കാ 24:12)
8. 11 km (ലൂക്കാ 24:13-അടിക്കുറിപ്പ്)
9. തെറ്റ്. (അവർ സന്തോഷാധിക്യത്താൽ അവിശ്വസിക്കുകയും അത്ഭുതപ്പെടുകയും ചെയ്തതുകൊണ്ടാണ് ഈശോ ചോദിച്ചത്, ലൂക്കാ 24: 41)
10. രണ്ട്. മാംസവും അസ്ഥികളും (ലൂക്കാ 24:40)

കഴിഞ്ഞലക്കം വിജയികൾ

1. റോസമ്മ പോൾ കൊച്ചുപറമ്പിൽ 2. ലിസ്സി ജോസ് കുന്നത്ത് 3. മേഴ്സി കുര്യൻ ഇരണയ്ക്കൽ 4. സാന്റി ബിനോയി ആക്കപ്പടിക്കൽ 5. എലിസ് സെബാസ്റ്റ്യൻ പാറേക്കുടിയിൽ 6. എൽസി ജോസഫ് കുന്നുമ്മേൽ 7. മേരി ജോസഫ് ആർഷാമറ്റം പുത്തൻപുരയിൽ 8. മോളി ഫ്രാൻസിസ് മുണ്ടയ്ക്കൽ 9. ആലീസ് ബേബി കോഴിക്കോട്ട് 10. മേഴ്സി സാന്റോ ചെമ്പരത്തി 11. അലീന സാന്റോ ചെമ്പരത്തി 12. അലൻ സാന്റോ ചെമ്പരത്തി 13. ഏലമ്മ ജോർജ് പാമ്പൂരിക്കൽ 14. മേരി ജോർജ് പാലക്കാട്ട് 15. ലൂസി ഫ്രാൻസിസ് കോട്ടയിൽ



വാർഡ് പ്രാർത്ഥന നവംബർ 2026

തീയതി	വാർഡ്	ഭവനം
03.11.2026	കുന്നം കുരിശുപള്ളി	ജോസഫ് പള്ളിക്കാപറമ്പിൽ
	നെല്ലിക്കുഴി	അഗസ്റ്റിൻ കാട്ടാംകോട്ടിൽ
04.11.2026	മാവിൻചുവട്	അൽഫോൻസാ മാത്യു ഞാറക്കുളം
	ഇടിക്കിട്ടി	ദേവസ്യ പാറയ്ക്കൽ
05.11.2026	കൊതകുത്തി	കുഞ്ഞാമ്മ രാജു പുത്തൻപുരയ്ക്കൽ
	താബോർ	ബേബി കുറുന്താനത്ത്
07.11.2026	സാപിയൻസ	വത്സ മുരിങ്ങാത്തേരി
	മുതലക്കോടം നോർത്ത്	ജഗൻ ഈന്തുങ്കൽ
09.11.2026	കുന്നം കിഴക്ക്	ജോൺ വർഗീസ് കയ്യാണിക്കുന്നേൽ
	ഞരളക്കാട് എ	സിബി സാജു ചെമ്പരത്തി
10.11.2026	ഞരളക്കാട് ബി	ദേവസ്യാച്ചൻ ആനിക്കാട്ട്
	മുതലക്കോടം സൗത്ത്	ജാൻസി ചാക്കോ കണ്ടത്തിൻകര
11.11.2026	കനാൽ നോർത്ത്	പി ജെ സേവ്യർ പലേക്കുടിയിൽ
	തൊണ്ടിക്കുഴ എ	ജോർജ് എം ഒ മുട്ടത്തിൽപുത്തൻപുരയിൽ
12.11.2026	സ്നേഹാലയം	ജിമ്മി ഫിലിപ് ഊരോത്ത്
14.11.2026	ഏഴുമുട്ടം	പി ജെ ജോർജ് പന്തക്കൽ
	കനാൽ കിഴക്ക്	ആനീസ് ജോൺ കുഴികണ്ടത്തിൽ
	കുന്നം	എ വി പോൾ അയ്യംകോലിൽ
16.11.2026	കുന്നം പടിഞ്ഞാറ്	ഇമ്മാനുവൽ ലൂക്കാ അത്തിക്കൽ
	തൊണ്ടിക്കുഴ ബി	സിബി കാട്ടാമ്പിള്ളിൽ
17.11.2026	സാൻജോ	ജേക്കബ് പൂത്തറ
	പഴുക്കാകുളം കുരിശുപള്ളി	ഷാജു പള്ളത്ത്
18.11.2026	മങ്ങാട്ടുകവല	ആലീസ് ചാണ്ടി പുഞ്ചത്താഴത്ത്
	കനാൽ	മനീഷ് മഞ്ചപ്പിള്ളി
19.11.2026	മഠത്തിക്കണ്ടം	തോമസ് വർക്കി തുരുത്തിക്കിഴക്കേൽ
	ശാസ്താംപാറ	പി സി ജോസ് പാറയിൽ
21.11.2026	പെട്ടേനാട് എ	സെബാസ്റ്റ്യൻ നീറമ്പുഴ
	കോണിക്കുമാൽ	ജേക്കബ് മുരിങ്ങമറ്റം
23.11.2026	പാങ്ങാംപാറ	സിബി അഗസ്റ്റിൻ തുറയ്ക്കൽതെക്കേക്കര
	കാഞ്ഞിരംപാറ	സിജു ജോസഫ് പാട്ടുപാറയിൽ
24.11.2026	വടക്കുംമുറി	ജോൺസൺ തെക്കേക്കര
	തൊണ്ടിക്കുഴ സ്കൂൾ	നെൽസൺ ചക്കാലയ്ക്കൽ
25.11.2026	ചിറകണ്ടം	ബാബു മൈക്കിൾ കാവുങ്കൽ



വാർഡ് പ്രാർത്ഥന നവംബർ 2026

	പെട്ടേനാട് ബി	പൈലി ഇടശ്ശേരിൽ
26.11.2026	ആർപ്പാമറ്റം	ജെയിംസ് കൊച്ചുപറമ്പിൽ
	പഴുക്കാകുളം	അഗസ്റ്റിൻ ലൂക്കാ പടിഞ്ഞാറേക്കുറ്റ്
28.11.2026	മുതലക്കോടം	ബേബി ജോസഫ് പുത്തൻപുരയിൽ
	സ്റ്റേഡിയം	കെ ജെ മൈക്കിൾ കിഴക്കേപറമ്പിൽ
30.11.2026	അണ്ണായിക്കണ്ണം	മറിയാമ്മ ദേവസ്യ പനയ്ക്കൽ
	കാരുപ്പാറ	ആന്റോ ജോസഫ് ചക്കുങ്കൽ

മിഷൻ ഞായർ പിരിവ് (28-10-2026 വരെ ലഭിച്ചത്)

വാർഡ് നം.	വാർഡ്	തുക
1	പഴുക്കാകുളം കുരിശ്ശുപള്ളി	3850/-
2	നെല്ലിക്കുഴി	6100/-
3	പഴുക്കാകുളം കിഴക്ക്	6400/-
4	കാരുപ്പാറ	4750/-
5	ഞറുക്കുറ്റി	7600/-
6	ഏഴുമുട്ടം	9600/-
7	ഇടിക്കിട്ടി	3250/-
8	കുന്നം കിഴക്ക്	1700/-
9	കുന്നം കുരിശ്ശുപള്ളി	5000/-
10	കുന്നം	7000/-
11	ഞരളക്കാട് എ	2260/-
12	ഞരളക്കാട് ബി	1410/-
13	പഴുക്കാകുളം	4200/-
15	കനാൽ	6120/-
16	ഉരുളക്കോട്	4700/-
17	കനാൽ നോർത്ത്	3950/-
19	സാപിയൻസ	10700/-
20	കോണിക്കുമാൽ	10200/-
21	കുന്നം പടിഞ്ഞാറ്	8550/-
22	അണ്ണായിക്കണ്ണം	2250/-
23	താബോർ	8150/-
24	ചിറകണ്ടം	800/-
25	ശാസ്താംപാറ	1850/-
26	കൊതകുത്തി	1340/-
27	പട്ടയംകവല	13250/-
28	ആർപ്പാമറ്റം	3250/-
29	സാൻജോ	4650/-
30	മുതലക്കോടം ടൗൺ	8000/-
31	മുതലക്കോടം നോർത്ത്	4300/-
32	സ്നേഹാലയം	7200/-
33	മഠത്തിക്കണ്ടം	6000/-
34	പെട്ടേനാട് എ	4250/-
35	പെട്ടേനാട് ബി	4750/-

മിഷൻ ഞായർ പിരിവ് (28-10-2026 വരെ ലഭിച്ചത്)

36	മുതലക്കോടം സ്റ്റേഡിയം	5420/-
37	സെന്റ്. ജോർജ് ഹൈസ്കൂൾ	13550/-
39	വടക്കുംമുറി	9150/-
40	മങ്ങാട്ടുകവല	10600/-
41	കാരിക്കോട്	8320/-
42	മുതലക്കോടം	7110/-
43	മുതലക്കോടം സൗത്ത്	3150/-
44	തൊണ്ടിക്കുഴ സ്കൂൾ	3700/-
45	തൊണ്ടിക്കുഴ എ	9500/-
46	പാങ്ങാംപാറ	4600/-
47	തൊണ്ടിക്കുഴ ബി	4000/-
48	പഴുക്കാകുളം നോർത്ത്	3450/-
	ആകെ തുക	259930/-

വിശ്വാസപഠന പരമ്പര

സീറോമലബാർ സഭയുടെ മൃതസംസ്കാരകർമ്മം

ക്രൈസ്തവനെ സംബന്ധിച്ച് മരണം ഒരു കടന്നുപോകലാണ് - നിത്യജീവിതത്തിലേക്കുള്ള കടന്നുപോകൽ. മൃതസംസ്കാരകർമ്മം സഭയുടെ ഒരു പ്രധാനപ്പെട്ട വിശ്വാസാഘോഷമാണ്. പരേതർക്കു വേണ്ടി പ്രാർത്ഥിക്കുവാനും പരേതരോടും കുടുംബാംഗങ്ങളോടും ബന്ധുക്കളോടുമുള്ള കൂട്ടായ്മ പ്രകടിപ്പിക്കുവാനും മൃതസംസ്കാരത്തിൽ പങ്കുചേരുന്ന സമൂഹത്തോട് നിത്യജീവന്റെ സുവിശേഷം പ്രഘോഷിക്കുവാനും മരണത്തെക്കുറിച്ചും നിത്യജീവിതത്തെക്കുറിച്ചും എല്ലാവരെയും ഓർമ്മപ്പെടുത്തുവാനും മരണാനന്തര ജീവിതത്തിലുള്ള വിശ്വാസം ഏറ്റുപറയുവാനും സഹായിക്കുന്ന കർമ്മമാണിത്.

സീറോമലബാർ സഭയിലെ മൃതസംസ്കാരകർമ്മത്തിൽ പ്രധാനമായും പരേതരുടെ പാപങ്ങൾക്ക് മോചനവും കടങ്ങൾക്ക് പൊറുതിയും നൽകി നിത്യജീവിതത്തിലേക്ക് പ്രവേശിപ്പിക്കണമേ എന്ന പ്രാർത്ഥനകളാണ് ഉള്ളത്. ഒപ്പം, ഈ വേർപാടിൽ ദുഃഖിതരായിരിക്കുന്ന കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കണമെന്നും പ്രാർത്ഥിക്കുന്നു. സീറോമലബാർ സഭയിൽ മെത്രാന്മാർ, വൈദീകർ, സമർപ്പിതർ, അൽമായർ എന്നിവർക്കായി പ്രത്യേക മൃതസംസ്കാര ശുശ്രൂഷകളുണ്ട്. കുട്ടികൾക്കായും പ്രത്യേക ശുശ്രൂഷാകർമ്മമുണ്ട്.

അൽമായരുടെയും കുട്ടികളുടെയും മൃതസംസ്കാരശുശ്രൂഷയ്ക്ക് വീട്ടിൽ, ദൈവാലയത്തിൽ, സിമിത്തേരിയിൽ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളായുള്ള പ്രാർത്ഥനാശുശ്രൂഷകളാണുള്ളത്. കുട്ടികളുടെ മൃതസംസ്കാരശുശ്രൂഷയിലെ പ്രാർത്ഥനകളിൽ ഇളം പ്രായത്തിൽ ലോകംവിട്ട് ദൈവസന്നിധിയിലേക്ക് യാത്രയായിരിക്കുന്ന കുട്ടിയെ അനുഗ്രഹിക്കണമെന്നും ദുഃഖാർത്തരായ മാതാപിതാക്കളെയും ബന്ധുക്കളെയും ആശ്വസിപ്പിക്കണമെന്നും കർത്താവിന്റെ

തിരുമനസ്സിന് കീഴ്വഴങ്ങുവാനുള്ള ശക്തി അവർക്കു നൽകണ മെന്നും പ്രാർത്ഥിക്കുന്നു.

അൽമായരുടെയും കുട്ടികളുടെയും മൃതസംസ്കാര ശുശ്രൂഷയിലെ പ്രാർത്ഥനകളിലൂടെയും വിശുദ്ധഗ്രന്ഥവായന കളിലൂടെയും മരണാനന്തരജീവിതത്തേക്കുറിച്ചുള്ള വിശ്വാസസത്യ ങ്ങൾ അനുസ്മരിക്കുകയും മൃതസംസ്കാരശുശ്രൂഷയിൽ സന്നിഹി തരായിരിക്കുന്നവരെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. പരേതരുടെ പാപങ്ങൾ ക്ഷമിച്ച് സ്വർഗ്ഗരാജ്യപ്രവേശനത്തിന് അവരെ അർഹരാക്ക ണമെന്നും വേർപാടിൽ ദുഃഖിതരായിരിക്കുന്ന കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും ആശ്വസിപ്പിക്കണമെന്നുമാണ് മുഖ്യമായ പ്രാർത്ഥന. വിശ്വാസപ്രമാണം ചൊല്ലുന്നതുവഴി സഭയിലും സഭാകൂട്ടായ്മയിലും മരണാനന്തരജീവിതത്തിലുമുള്ള വിശ്വാസം ഏറ്റുപറയുന്നു.

മൃതസംസ്കാരശുശ്രൂഷയിലെ പ്രധാനപ്പെട്ട ഒരു ഭാഗം പ്രബോധനഗാനങ്ങളാണ്. 'മരണം വരുമൊരു നാൾ ഓർക്കുക മർത്യാ നീ...', 'നാഥനണഞ്ഞിടുമന്തിമനാളിൽ...', 'എവിടെയൊളിക്കും കർത്താവേ നിൻ...' എന്നീ ഗാനങ്ങളിലൂടെ മരണത്തേക്കുറിച്ചും മരണാനന്തരജീവിതത്തേക്കുറിച്ചും സഭ വിശ്വാസികളെ ഓർമ്മ പ്പെടുത്തുന്നു.

മൃതസംസ്കാരശുശ്രൂഷയിലെ 'വിടവാങ്ങുന്നേൻ നശ്വര മുലകിൽ...' എന്ന വിടവാങ്ങൽ ഗാനത്തിലൂടെയും ദൈവാല യത്തിൽവച്ചുള്ള വിടവാങ്ങൽ പ്രാർത്ഥനയിലൂടെയും പരേതൻ/ പരേത തന്റെ ഭവനത്തോടും കുടുംബാംഗങ്ങളോടും സ്നേഹിത രോടും ദൈവാലയത്തോടും ആത്മീയപാലകരായ വൈദീകരോടും യാത്രപറയുന്നു.

"സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ നിങ്ങൾ എനി ക്കുവേണ്ടി പ്രാർത്ഥിക്കണമേ" എന്ന യാത്രാമൊഴികളോടെയാണ് പരേതൻ/പരേത നമ്മോടു വിടപറയുന്നത്. ഇത് മരിച്ചവർക്കുവേണ്ടി

പ്രാർത്ഥിക്കുവാനും സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിച്ചുചേരും എന്ന പ്രത്യാശയോടെ ജീവിക്കുവാനും വിശ്വാസികൾക്ക് പ്രചോദനം നൽകുന്നു.

മെത്രാന്മാരുടെയും വൈദീകരുടെയും മൃതസംസ്കാര ശുശ്രൂഷയ്ക്ക് നാല് ഭാഗങ്ങളുണ്ട്. ഒന്നാം ഭാഗം പള്ളിമുറിയിൽ /ഭവനത്തിൽവച്ചും രണ്ടാം ഭാഗം ദൈവാലയത്തിൽവച്ചും നടത്തുന്നു. മൂന്നാം ഭാഗം വിശുദ്ധ കുർബാനയാണ്. അതിനുശേഷം കബറടക്കശുശ്രൂഷയായ നാലാം ഭാഗം.

മെത്രാന്മാരുടെയും വൈദീകരുടെയും മൃതസംസ്കാരശുശ്രൂഷയുടെ കർമ്മങ്ങൾ പൊതുവേ സമാനമാണെങ്കിലും ഓരോരുത്തരുടെയും പ്രത്യേകമായ ശുശ്രൂഷകളെ അനുസ്മരിച്ചുചൊല്ലുന്ന പ്രാർത്ഥനകളും വിശുദ്ധഗ്രന്ഥവായനകളും കാറോസൂസ പ്രാർത്ഥനകളും വ്യത്യസ്തങ്ങളാണ്. മരണം പ്രാപിച്ച മെത്രാൻ അല്ലെങ്കിൽ വൈദീകൻ ചെയ്തുപോയ പാപങ്ങൾ ക്ഷമിക്കണമെന്നും ജീവിതകാലത്ത് ദൈവത്തിന് സാക്ഷ്യം വഹിക്കുകയും ദൈവജനത്തിന് ശുശ്രൂഷകൾ അനുഷ്ഠിക്കുകയും ചെയ്ത അദ്ദേഹത്തെ വിശുദ്ധരുടെ സമൂഹത്തിലേക്ക് പ്രവേശിപ്പിക്കണമെന്നുമാണ് പ്രാർത്ഥനകളിലൂടെ പ്രധാനമായും യാചിക്കുന്നത്.

ദൈവാലയത്തിൽ അനുഷ്ഠിച്ച കർമ്മങ്ങൾ എടുത്തുപറഞ്ഞ് ബലിപീഠത്തോടും ദൈവാലയത്തോടും യാത്ര ചോദിക്കുന്നതിനെ അനുസ്മരിപ്പിക്കുന്ന ചടങ്ങും നഗരികാണിക്കൽ ചടങ്ങും ഈ ശുശ്രൂഷയുടെ പ്രത്യേകതകളാണ്. "ഇതുവരെ ഞങ്ങൾ അങ്ങയെ അനുഗമിച്ചു. ഇനി ദൈവത്തിന്റെ മാലാഖാമാർ അങ്ങയെ അനുഗമിക്കട്ടെ. അങ്ങയുടെ അധ്വാനങ്ങൾക്കും ക്ലേശങ്ങൾക്കും ദൈവം പ്രതിഫലം നൽകട്ടെ" എന്നും ആശംസിക്കുന്നു. വിചാരത്താലും വചനത്താലും പ്രവൃത്തിയാലും അദ്ദേഹം ചെയ്തുപോയ പാപങ്ങളെല്ലാം പൊറുത്ത് മാലാഖാമാരുടെയും വിശുദ്ധരുടെയും വസതിയിലേക്ക് അദ്ദേഹത്തെ സ്വീകരിക്കണമെന്ന പ്രാർത്ഥനയോടെയാണ് മൃതസംസ്കാരശുശ്രൂഷ സമാപിക്കുന്നത്.



സന്ന്യാസിനീസന്ന്യാസിമാർക്കുള്ള മൃതസംസ്കാരശുശ്രൂഷയ്ക്കും നാല് ഭാഗങ്ങളുണ്ട്. മരിച്ചയാളുടെ മുറിയിൽവച്ചു നടത്തേണ്ട കർമ്മങ്ങൾ ഒന്നാം ഭാഗമായും വിശുദ്ധ കുർബാനയ്ക്കുമുമ്പ് നടത്തുന്നവ രണ്ടാം ഭാഗമായും വിശുദ്ധ കുർബാന മൂന്നാം ഭാഗമായും അന്തിമകർമ്മങ്ങൾ നാലാം ഭാഗമായും നടത്തുന്നു. സന്ന്യാസവൈദീകരുടെയും ഇടവകവൈദീകരുടെയും മൃതസംസ്കാരശുശ്രൂഷയുടെ കർമ്മങ്ങൾ പൊതുവേ സമാനമാണ്. മരിച്ച വ്യക്തി ജീവിതകാലത്ത് അനുഷ്ഠിച്ച പ്രാർത്ഥനകളും തപശ്ചര്യകളും സത്കൃത്യങ്ങളും പരിഗണിച്ച് പാപമോചനം നൽകണമെന്നും സ്വർഗീയപറുദീസയിലേക്ക് പ്രവേശിപ്പിക്കണമെന്നുമാണ് പ്രാർത്ഥനകളിലൂടെയും പ്രബോധന ഗാനങ്ങളിലൂടെയും അപേക്ഷിക്കുന്നത്.

മരിച്ചവരുടെ ഓർമ്മയാചരണങ്ങൾ

സീറോമലബാർ സഭയിൽ മരിച്ചവരുടെ ഓർമ്മയാചരണദിനങ്ങൾക്കായി നാളോത്ത്, പുലയടിയന്തിരം, മരണവാർഷികം എന്നീ ശുശ്രൂഷാക്രമങ്ങളുണ്ട്. മരിച്ചവർക്കുവേണ്ടിയുള്ള പൊതുപ്രാർത്ഥനകളായ വലിയ ഒപ്പീസ്, ചെറിയ ഒപ്പീസ്, അന്നീദ എന്നിവയും ഈ തിരുക്കർമ്മങ്ങളുടെ അനുബന്ധമായി നിലകൊള്ളുന്നു.

മൃതശരീരം സംസ്കരിച്ചശേഷം പുരോഹിതൻ മരിച്ചയാളിന്റെ വീട്ടിലോ, വീട്ടിൽ പോകാൻ സാധിക്കാത്തപ്പോൾ പള്ളിയിലോ വച്ച് നടത്തുന്ന ഒരു കർമ്മമാണ് നാളോത്ത്. മരണത്തിനുശേഷം ഒരു നിശ്ചിതദിവസം (ഉദാ: ഏഴ്, മുപ്പത്, നാൽപ്പത്തിയൊന്ന്...) പ്രത്യേക പ്രാർത്ഥനകൾ ദൈവാലയത്തിലും സിമിത്തേരിയിലും നടത്തുന്ന പതിവ് നമ്മുടെ സഭയിലുണ്ട്. മരണംമൂലം വേർപെട്ടുപോയ ആളിന്റെ ആത്മാവിന് നിത്യശാന്തി നൽകണമെന്നും ദുഃഖിതരായിരിക്കുന്ന ബന്ധുമിത്രാദികളെ ആശ്വസിപ്പിക്കണമെന്നും മൃതസംസ്കാരശുശ്രൂഷയിലും മറ്റു ശുശ്രൂഷകളിലും പങ്കുചേർന്ന എല്ലാവരെയും അനുഗ്രഹിക്കണമെന്നും ഈ ശുശ്രൂഷകളിൽ പ്രാർത്ഥിക്കുന്നു.

മരണവാർഷികാവസരങ്ങളിൽ മരിച്ച വ്യക്തിക്കുവേണ്ടി

ദൈവാലയത്തിലും സിമിത്തേരിയിലും പ്രത്യേക പ്രാർത്ഥനകളും വീട്ടിൽ ചാത്തവും (ശ്രാദ്ധം) നടത്തുന്ന പാരമ്പര്യം പല സ്ഥലങ്ങളിലും നിലവിലുണ്ട്. ജീവിച്ചിരിക്കുന്നവരുടെ പ്രാർത്ഥനകൾ സ്വീകരിച്ച് മരിച്ചുപോയ വ്യക്തിയുടെ പാപങ്ങൾക്കെല്ലാം മാപ്പുകൊടുക്കണമെന്നും നിത്യാനന്ദത്തിന്റെ പറുദീസ തുറന്നുകൊടുക്കണമെന്നുമാണ് ഈ പ്രാർത്ഥനകളിലെ പ്രധാന ആശയം.

സെന്റ് ജോർജ് : 9

ഡോ. ജയ്സൺ കൊച്ചുവീടൻ



ഏഷ്യാമൈനറിലെ താർസസിൽ മനുഷ്യ മാംസം ഭക്ഷിക്കുന്ന കഴുകൻമാർ എത്തി.



ഘോരമായ പോരാട്ടത്തിനൊടുവിൽ ജോർജ് അവയെ വധിച്ചു.



കഴുകൻമാർ തട്ടിയെടുത്തു കൊണ്ടുവന്നവരിൽ ജീവൻ അവശേഷിച്ചിരുന്ന പല കുഞ്ഞുങ്ങളെയും ജോർജ് രക്ഷിച്ചു.



ക്രൂരനായ ചക്രവർത്തി ജോർജ് കഴുകൻമാരാൽ കൊല്ലപ്പെടുന്നത് കാത്തിരുന്നു. എന്നാൽ അത് സംഭവിച്ചില്ല. ധീരനായ ജോർജിന്റെ ആരാധകരുടെ എണ്ണം വർധിച്ചു കൊണ്ടിരുന്നു.



തിരുവചന വായനകൾ

നവംബർ 2026

ഞായർ	തിങ്കൾ	ചൊവ്വ	ബുധൻ	വ്യാഴം	വെള്ളി	ശനി
1 ഹെബ്രാ 9:1-14 മത്താ 25:1-13	**2** 2 കോറി 4:13-18 യോഹ 16:16-24	**3** 2 കോറി 5:1-5 ലൂക്കാ 15:11-24	**4** 1 പത്രോ 5:1-4 യോഹ 21:15-19	**5** എഫേ 3:1-6 മത്താ 8:5-13	**6** എഫേ 6:1-9 മത്താ 21:28-32	**7** റോമാ 12:9-18 ലൂക്കാ 10:25-37
8 1 പത്രോ 1:3-7 മത്താ 19:23-30	**9** കൊളോ 1:12-20 മത്താ 16:13-20	**10** 2 പത്രോ 1:12-21 ലൂക്കാ 9:28-36	**11** വെളി 19:1-10 മത്താ 22:1-14	**12** 2 കോറി 11:1-4 യോഹ 3:22-30	**13** 2 കോറി 12:1-5 യോഹ 3:31-36	**14** വെളി 22:1-5 മത്താ 19:13-14
15 2 തെസ 3:6-15 മത്താ 25:14-30	**16** 1 കോറി 13:1-10 മർക്കോ 12:28-34	**17** 1 കോറി 4:1-5 ലൂക്കാ 16:1-13	**18** 1 കോറി 6:1-11 ലൂക്കാ 16:13-17	**19** കൊളോ 1:3-11 മത്താ 13:10-23	**20** ഹെബ്രാ 12:4-13 യോഹ 15:1-8	**21** 2 തിമോ 4:1-8 യോഹ 17:1-8
22 വെളി 19:11-16 യോഹ 18:33-37	**23** എഫേ 2:14-22 യോഹ 14:1-14	**24** 1 പത്രോ 2:1-10 യോഹ 10:7-16	**25** എഫേ 1:3-12 ലൂക്കാ 1:46-55	**26** ഹെബ്രാ 13:9-16 ലൂക്കാ 10:17-21	**27** വെളി. 7:9-12 മർക്കോ. 12:18-27	**28** വെളി 21:22-27 യോഹ 4:19-26
29 എഫേ 5:21-6:4 ലൂക്കാ 1:5-25	**30** ഗലാ 3:9-14 ലൂക്കാ 9:37-43					



സ്നേഹസ്മരണയ്ക്ക്.....

15-ാം ചരമവാർഷികം



ദേവസ്യ ഔസേപ്പ് കുരിശിങ്കൽ

ജനനം: 21-05-1927 മരണം: 28-11-2011

"ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും"
(യോഹ. 11:25)



ചെറുപുഷ്പം മിഷൻലീഗ് മുതലക്കോടം മേഖലയിലെ അൾത്താരബാലന്മാർക്കായി
ഒരുക്കിയ മേഖലാക്യാമ്പ്



സ്നേഹസ്മരണയ്ക്ക്.....

9-ാം ചരമവാർഷികം

ബേബി ജോസഫ്
തൊണ്ടിയാമലയിൽ
ഏഴുമുട്ടം

ജനനം: 15-03-1959 മരണം : 16-11-2017

"ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും"
(യോഹ. 11:25)



ചെറുപുഷ്പ മിഷൻലീഗിന്റെ സംസ്ഥാനതല മിഷൻ വാരാചരണസമാപനം
വികാരി ജനറാൾ മോൺ. റവ. ഫാ. പയസ്സ് മലേക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്യുന്നു.



ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപതാ കലോത്സവത്തിൽ
ഓവറോൾ കിരീടം കരസ്ഥമാക്കി മുതലക്കോടം ശാഖ

GuardianAngel
HomeCare
ALWAYS BY YOUR SIDE

അരികിൽ, നീ ഉണ്ടായിരുന്നെങ്കിലെന്ന് ഞാൻ..

Gold Standard in care

അവശ്യനേരത്ത്, ആശ്വാസമായി
ഞങ്ങളുണ്ടാകും അരികിൽ

▪ NURSING ▪ CAREGIVING ▪ REHAB ▪ DIAGNOSTICS

+91 858 909 8181

www.gahc.co.in

Kochi | Kozhikode | Kottayam | Thiruvalla | Thodupuzha